# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:31.03.2025**

## പ്രധാനവാർത്തകൾ

1. ആരോഗ്യമേഖലയിൽ കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ രാജ്യം വൻ പുരോഗതി കൈവരിച്ചതായി കേന്ദ്രമന്ത്രി അമിത് ഷാ.
2. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മാലിന്യമുക്തമായി പ്രഖ്യാപിച്ചതിലൂടെ അസാധാരണ നേട്ടമാണ് സംസ്ഥാനം കൈവരിച്ചതെന്ന് മന്ത്രി എം ബി രാജേഷ്.
3. വ്രതശുദ്ധിയുടെ നിറവിൽ വിശ്വാസികൾ ഇന്ന് ചെറിയ പെരുന്നാൾ ആഘോഷിച്ചു.
4. ഉത്സവത്തിനും മേട മാസ- വിഷു പൂജകൾക്കുമായി ശബരിമല ക്ഷേത്രനട നാളെ വൈകുന്നേരം തുറക്കും.
5. ഐപിഎൽ ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ്- കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പോരാട്ടം.

&&&&&&&&&&&&&&&

അമിത് ഷാ -1

ആരോഗ്യമേഖലയിൽ കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ രാജ്യം വൻ പുരോഗതി കൈവരിച്ചതായി കേന്ദ്രമന്ത്രി അമിത്

RNUTVPM

ഷാ. ഹരിയാനയിലെ ഒരു സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്ര മന്ത്രി. 2013-14 ൽ, ആരോഗ്യ മേഖലയ്ക്കുള്ള കേന്ദ്ര ബജറ്റ് വിഹിതം 37,000 കോടി രൂപയായിരുന്നുവെന്നും 2025-26 ൽ ഇത് 1.37 ലക്ഷം കോടി രൂപയായിരിക്കുമെന്നും ശ്രീ ഷാ പറഞ്ഞു. രാജ്യത്ത് ഏഴ് എയിംസ് ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 23 എണ്ണം ഉണ്ടെന്നും, മെഡിക്കൽ കോളേജുകളുടെ എണ്ണം 387 ൽ നിന്ന് 766 ആയി വർദ്ധിച്ചുവെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&

**അമിത് ഷാ 2**

കഴിഞ്ഞ 10 വർഷ കാലയളവിൽ കേന്ദ്ര സർക്കാർ 25 കോടി ആളുകളെ ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ചതായി കേന്ദ്രമന്ത്രി അമിത് ഷാ പറഞ്ഞു. ദരിദ്രർക്കായി നാല് കോടി വീടുകൾ നിർമ്മിച്ചുവെന്നും പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന പ്രകാരം 81 കോടിയിലധികം ഗുണഭോക്താക്കൾക്ക് സൗജന്യ ഭക്ഷ്യധാന്യങ്ങൾ നൽകിയന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&

**എം ബി രാജേഷ്**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മാലിന്യമുക്തമായി പ്രഖ്യാപിച്ചതിലൂടെ അസാധാരണ നേട്ടമാണ് സംസ്ഥാനം കൈവരിച്ചതെന്ന് മന്ത്രി എം ബി രാജേഷ്. ജനകീയാസൂത്രണം, സമ്പൂർണ സാക്ഷരത യജ്ഞം എന്നിവയ്ക്ക് ശേഷം ഏറ്റവും ജനകീയമായി നടന്ന ക്യാമ്പയിനാണ് ഇതിനായി സംഘടിപ്പിച്ചതെന്നും മന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. മാലിന്യക്കൂനകളില്ലാത്ത സംസ്ഥാനമെന്ന ലക്ഷ്യം നേടുമെന്നും എല്ലാത്തരം മാലിന്യത്തിന്റെയും സംസ്ക്കരണം, ഡിജിറ്റൽ ട്രാക്കിംഗ്,

RNU TVPM

പുനഃചംക്രമണ പാർക്കുകൾ എന്നിവയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുമെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&

ഈദ് ഉൽ ഫിത്തർ

വ്രതശുദ്ധിയുടെ നിറവിൽ വിശ്വാസികൾ ചെറിയ പെരുന്നാൾ ആഘോഷിച്ചു. പുതുവസ്ത്രങ്ങൾ അണിഞ്ഞും ഈദ് ഗാഹുകളിൽ പങ്കെടുത്തും, മധുരം പങ്കിട്ടും, സൗഹൃദങ്ങൾ പുതുക്കിയും ബന്ധുക്കളെ സന്ദർശിച്ചുമായിരുന്നു ആഘോഷങ്ങൾ.

&&&&&&&&&&&&&&&

ചൂരൽമല പെരുന്നാൾ- ഇൻട്രോ

മുണ്ടക്കൈ ,ചൂരൽമല നിവാസികൾക്ക് അതിജീവനത്തിന്റെ പെരുന്നാൾ. സ്വന്തം നാടും ഉറ്റവരും നഷ്ടപ്പെട്ട വേദനകൾ ഉള്ളിലൊതുക്കി ചൂരൽമല ജുമാമസ്ജിദിൽ അവർ വീണ്ടും ഒത്തുകൂടി. വൈകാരികമായ രംഗങ്ങളാണ് പള്ളിയിലും ശ്മശാനത്തും കണ്ടത്.

RIU TVPM

വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ
പ്രതിനിധി അരുൺ വിൻസെന്റ്........
(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&

ലഹരിവിരുദ്ധ ഈദ് സമസ്കാരം

ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊച്ചിയിലെ ഈദ് നമസ്ക്കാരം. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ലഹരി വിരുദ്ധ സന്ദേശത്തിൻ്റെ ബാനർ ഉയർത്തിയായിരുന്നു ഈദ് പ്രഭാഷണം. കൊച്ചിയിൽ മറൈൻ

ഡ്രൈവ്, കലൂർ സ്റ്റേഡിയം, വിവിധ പള്ളികൾ തുടങ്ങിയ ഇടങ്ങളിൽ ഈദ് നമസ്കാരം ഉണ്ടായിരുന്നു.

&&&&&&&&&&&&&&&

നിരക്ക് വർദ്ധന

ബജറ്റിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച നിരക്ക് വർധനകൾ നാളെ മുതൽ പ്രാബല്യത്തിൽ. ഭൂനികുതിയിൽ 50 ശതമാനം വർധനവും. 23 ഇനം കോടതി ഫീസുകളും വർദ്ധിക്കും.15 വർഷം കഴിഞ്ഞ ഇരുചക്ര വാഹനങ്ങൾക്കും, മുച്ചക്ര വാഹനങ്ങൾക്കും, റോഡ് നികുതി 1,350 രൂപയാകും. 750 കിലോ ഗ്രാം വരെയുള്ള സ്വകാര്യ കാറിന് 9,600 രൂപയായി നികുതി ഉയർത്തി. ഇരുചക്ര- മുച്ചക്ര ഇലക്ട്രിക് വാഹനങ്ങളഴികെ മറ്റ് ഇലക്ട്രിക് വാഹനങ്ങൾക്ക്, നിലവിലുള്ള 5 ശതമാനം നികുതിയിൽ നിന്ന് വാഹനത്തിൻ്റെ വില അനുസരിച്ച് വർധന വരുത്തിയിട്ടുണ്ട്.

RNJ TVPM

&&&&&&&&&&&&&&&

ട്രഷറി അവധി

നാളെ സംസ്ഥാനത്തെ ട്രഷറികൾ തുറന്ന് പ്രവർത്തിക്കുമെങ്കിലും ഇടപാടുകൾ ഉണ്ടായിരിക്കുന്നതല്ലെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചു.

&&&&&&&&&&&&&&&

ഓട്ടിസം ബോധവത്കരണ ദിനം

ലോക ഓട്ടിസം ബോധവത്കരണ ദിനാചരണത്തോടനുബന്ധിച്ച് സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ "റൺ ഫോർ ഓട്ടിസം" മാരത്തോണും വാക്കത്തോണും സംഘടിപ്പിക്കും. നാളെ രാവിലെ 7.30 ന് ഇരിങ്ങാലക്കുട ടൗൺഹാളിലാണ് പരിപാടി.

ഇതോടനുബന്ധിച്ച് എല്ലാ ജില്ലകളിലും സംവാദങ്ങളും ചർച്ചകളും സംഘടിപ്പിക്കും.

&&&&&&&&&&&&&&&

**ഐ പി എൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. മുംബൈ വാങ്കടെ സ്റ്റേഡിയത്തിൽ രാത്രി 7.30 ന് കളി ആരംഭിക്കും.

&&&&&&&&&&&&&&&

**ഐഎസ്എൽ**

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിലെ സെമി ഫൈനൽ മത്സരങ്ങൾക്ക് മറ്റന്നാൾ തുടക്കമാകും. പോയിന്റ് പട്ടികയിൽ മോഹൻ ബഗാനും ഗോവയുമാണ് ഒന്നും രണ്ടും സ്ഥാനങ്ങളിൽ. രണ്ടു പാദങ്ങളായി 4 സെമിഫൈനൽ മത്സരങ്ങളാണുള്ളത്. സെമിയിൽ ഗോവ - ബംഗളുരുവിനെയും, മോഹൻ ബാഗാൻ - ജംഷഡ്പൂറിനേയും നേരിടും.12 നാണ് ഫൈനൽ .

RNU TVPM

&&&&&&&&&&&&&&&

**യൂകി ഭാംബ്രി-ടെന്നീസ്**

എ.ടി.പി ഡബിൾസ് റാങ്കിംഗിൽ ഇന്ത്യയുടെ ടെന്നീസ് താരം യൂകി ഭാംബ്രി 26-ാം സ്ഥാനം നേടി. ഇതോടെ ഡബ്ബിൾസിൽ ഇന്ത്യയുടെ ഒന്നാം നമ്പർ താരമായിരുന്ന രോഹൻ ബൊപ്പണ്ണയെ പിന്തള്ളി യൂകി ഭാംബ്രി മുന്നിലെത്തി.

&&&&&&&&&&&&&&&

**ഹീറോ ഏഷ്യ കപ്പ് പുരുഷ ഹോക്കി**

2025-ഹീറോ ഏഷ്യ കപ്പ് പുരുഷ ഹോക്കി ടൂർണമെന്റിന് ബീഹാർ ആതിഥേയത്വം വഹിക്കും. ഇത് സംബന്ധിച്ച് ധാരണാപത്രത്തിൽ ഹോക്കി ഇന്ത്യയും ബീഹാർ സ്റ്റേറ്റ് സ്പോർട്സ് അതോറിറ്റിയും പട്നയിൽ ഒപ്പുവച്ചു. ഓഗസ്റ്റ് 29 മുതൽ സെപ്റ്റംബർ 7 വരെയാണ് മത്സരങ്ങൾ. ദക്ഷിണ കൊറിയ, ഇന്ത്യ, പാകിസ്ഥാൻ തുടങ്ങിയ എട്ട് ടീമുകൾ ടൂർണമെന്റിൽ മാറ്റുരയ്ക്കും.

&&&&&&&&&&&&&&&

**ശബരിമല- ഇൻട്രോ**

ഉത്സവത്തിനും മേട മാസ- വിഷു പൂജകൾക്കുമായി ശബരിമല ക്ഷേത്രനട നാളെ വൈകിട്ട് നാലിന് തുറക്കും. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു വിപുലമായ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി ശ്രീധർ....

(ഹോൾഡ്)

RNUTVPM

&&&&&&&&&&&&&&&

**വേവ്സ്**

മുംബൈയിലെ ജിയോ വേൾഡ് കൺവെൻഷൻ സെന്ററിൽ നടക്കുന്ന ഉദ്ഘാടന പതിപ്പിൽ ശക്തമായ വരവിന് ഒരുങ്ങുകയാണ് വേവ്സ് ബസാർ. കേന്ദ്ര സർക്കാരാണ് മാധ്യമ -വിനോദ മേഖലയിലെ നാഴികക്കല്ലായ പ്രഥമ ദൃശ്യ-ശ്രവ്യ-വിനോദ ഉച്ചകോടി - WAVES ഒരുക്കുന്നത്. മെയ് 1 മുതൽ 4 വരെ നടക്കുന്ന വേവ്സ് ഉച്ചകോടിയിൽ സിനിമ, ടി.വി, ആനിമേഷൻ, വിഎഫ്എക്സ്, ഗെയിമിംഗ്, കോമിക്സ് മേഖലകളിലെ വ്യവസായ പ്രമുഖർ ഒന്നിക്കും. ഇന്ത്യയെ ഒരു

ആഗോള ഉള്ളടക്ക നിർമ്മാണ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെയാണ് വേവ്സിൻറെ സംഘാടനം.

&&&&&&&&&&&&&&&

കൊല്ലം- ആനവാൽ പിടി ചടങ്ങ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള കൊല്ലം ഉമയനല്ലൂർ ശ്രീ ബാലസുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ ആനവാൽപിടി ചടങ്ങ് നടന്നു. കനത്ത ചൂടിനെ അവഗണിച്ച് നിരവധി ഭക്തരും ആനപ്രേമികളും സാക്ഷിയായി. യാതൊരു ബന്ധനവുമില്ലാതെ ഓടുന്ന ആനയുടെ വാലിൽ വ്രതംനോറ്റ ഭക്തർ തൊട്ട്തൊഴുന്നതാണ് ആനവാൽപിടി ചടങ്ങ്.

&&&&&&&&&&&&&&&

പത്തനംതിട്ട -ട്രെയിലർ ലോറി

പത്തനംതിട്ടയിൽ പെട്രോൾ പമ്പിന് സമീപം ട്രെയിലർ ലോറിയുടെ ടയറിന് തീപിടിച്ചു. ഉച്ചയോടെയാണ് സംഭവം. 22 വീലുള്ള വലിയ ട്രക്കിൻറെ ടയറുകളാണ് കത്തിയത്. പെട്രോൾ പമ്പിലെ ഫയർ എക്റ്റിംഗ്യുഷർ ഉപയോഗിച്ച് തീകെടുത്താനുള്ള ശ്രമം വിജയിച്ചില്ല. തുടർന്ന് അഗ്നിശമന സേന എത്തി തീ അണച്ചതോടെ അപകടം ഒഴിവായി.

&&&&&&&&&&&&&&&

നാടകോത്സവം -സമാപനം

കേരള സർവ്വകലാശാല ആസ്ഥാനത്ത് അഞ്ച് ദിവസമായി നടന്നുവരുന്ന ഭരത് മുരളി നാടകോത്സവത്തിന് കൊടിയിറക്കം. പാളയം സെനറ്റ് ഹാളിൽ നടക്കുന്ന സമാപന ചടങ്ങിന് ശേഷം കേരള സംഗീത നാടക അക്കാദമി അമെച്വർ നാടക മത്സരത്തിൽ

PNUTVPM

വിവിധ പുരസ്കാരങ്ങൾ നേടിയ, ആലപ്പുഴ മരുതം തിയേറ്റർ ഗ്രൂപ്പിൻറെ മാടൻ മോക്ഷം, കൊല്ലം പ്രകാശ് കലാകേന്ദ്രം ബാലവേദി അവതരിപ്പിക്കുന്ന 10-D റാപ്പേഴ്സ് എന്നീ നാടകങ്ങൾ ഇന്ന് പ്രേക്ഷകർക്ക് മുന്നിലെത്തും.

&&&&&&&&&&&&&&&

ഓപ്പറേഷൻ ഡി ഹണ്ട്

ഓപ്പറേഷൻ ഡി-ഹണ്ടിൻറെ ഭാഗമായി സംസ്ഥാന വ്യാപകമായി പോലീസ് നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ മയക്കുമരുന്ന് വിൽപ്പനയിൽ ഏർപ്പെടുന്നതായി സംശയിക്കുന്ന 3,057 പേരെ പരിശോധനയ്ക്ക് വിധേയമാക്കി. വിവിധ തരത്തിലുള്ള നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 107 കേസുകൾ രജിസ്റ്റർ ചെയ്തു. 117 പേരെ അറസ്റ്റ് ചെയ്തു.

RNU TVPM

&&&&&&&&&&&&&&&

ജവഹർ ബാലഭവൻ

കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ ഏപ്രിൽ, മേയ് മാസങ്ങളിൽ നടത്തുന്ന അവധിക്കാല ക്ലാസുകളുടെ പ്രവേശനോത്സവം നാളെ വൈകുന്നേരം മന്ത്രി ജി.ആർ അനിൽ ഉദ്ഘാടനം ചെയ്യും. വി.കെ പ്രശാന്ത് എം.എൽ.എ അധ്യക്ഷത വഹിക്കും. രണ്ടു മാസക്കാലത്തെ ക്ലാസുകളിൽ സാമൂഹ്യ സാംസ്കാരിക മേഖലകളിലെ പ്രമുഖർ കുട്ടികളുമായുള്ള മുഖാമുഖം പരിപാടിയിൽ വിവിധ വിഷയങ്ങളിൽ സംവദിക്കും. വയോജന സദസ്, പാരൻറ്സ് ഡേ, ഫുഡ് ഫെസ്റ്റ്, ടോയ് ഫെസ്റ്റ്, ബാലസാഹിത്യ പുസ്തകമേള എന്നീ പരിപാടികളും ഉണ്ടായിരിക്കും.

&&&&&&&&&&&&&&&

നിർമ്മലാ സീതാരാമൻ

സാമ്പത്തിക കാര്യങ്ങളെ കുറിച്ചുള്ള സ്റ്റേറ്റ്സ് ഇക്കണോമിക് ഫോറം പോർട്ടൽ ധനമന്ത്രി നിർമ്മല സീതാരാമൻ നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. നിതി ആയോഗും പ്രായോഗിക സാമ്പത്തിക ഗവേഷണത്തിനായുള്ള ദേശീയ കൗൺസിൽ NCAER ഉം സംയുക്തമായാണ് പോർട്ടൽ വികസിപ്പിച്ചത്. 1990 മുതൽ 2023 വരെയുള്ള ഏകദേശം 30 വർഷത്തെ കാലയളവിൽ സാമൂഹിക, സാമ്പത്തിക, ധനകാര്യ, ഗവേഷണ വിവരങ്ങൾ, പ്രബന്ധങ്ങൾ, സംസ്ഥാന ധനകാര്യത്തെക്കുറിച്ചുള്ള വിദഗ്ദ്ധ വ്യാഖ്യാനം തുടങ്ങി സമഗ്രമായ വിവര ശേഖരമാണിത്.

&&&&&&&&&&&&&&&
&&&&&&&&&&&
&&&

RNU TVPM